# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# പൂതക്കുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കൊല്ലം.-691001**

**ഇ-മെയിൽ: doklm.ksad@kerala.gov.in**

**ഫോൺ : 0474-2740141**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSAKLM P5-955/2021dt 07/09/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 02/12/2021
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂതക്കുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAKLM P5-955/2021dt 07/09/21 തീയ്യതി: 02/12/2021

## കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-11-2019 മുതൽ 09-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സൈമൺ. കെ | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 15-07-2021 |
| ശ്രീമതി. അമ്പിളി എം. ഡി. | ഡെപ്യൂട്ടി ഡയറക്ടർ | 16-07-2021 | 29-07-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 29-07-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. മണിലാൽ വി , ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ)

ശ്രീമതി. സോണിയ ജെ സെബാസ്റ്റ്യൻ , അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി. മഞ്ജുളാസാഗർ , അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി. ജുഡിറ്റ് വർഗ്ഗിസ് എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. ബിന്ദു നായർ , ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.കെ.ശ്രീകുമാർ | പ്രസിഡന്റ് | 01-04-2020 | 06-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 07-11-2020 | 21-12-2020 |
| ശ്രീമതി. അമ്മിണിയമ്മ | പ്രസിഡന്റ് | 22-12-2020 | 31-03-2021 |
| ശ്രീമതി. വി. ജി. ഷീജ | സെക്രട്ടറി | 01-04-2020 | 31-03-2021 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.വി.ജി.ഷീജ | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷൈനിവിശ്വംഭരൻ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ.ബിൻസി.ബി.എസ് | മെഡിക്കൽ ഓഫീസർ .പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.റ്റി.ആർ.മായ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-10-2020 |
| ഡോ.ലാലി(അഡീ.ചാർജ്) | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-11-2020 | 30-11-2020 |
| ഡോ.റ്റി.ആർ.മായ(അഡീ.ചാർജ്) | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 30-11-2020 | 12-12-2020 |
| ഡോ.ആമിന | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 12-12-2020 | 03-02-2021 |
| ഡോ.ലാലി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 03-02-2021 | 31-03-2021 |
| ശ്രീ.എൻ.പ്രദീപ്കുമാർ | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.പി.അലോഷ്യസ് | വെറ്റിനറിസർജൻ | 01-04-2020 | 27-10-2020 |
| ഡോ.സാലുമോൾ എസ്.എസ് | വെറ്റിനറിസർജൻ | 28-10- | 31-03- |

| | | | |
|---|---|---|---|
| | | 2020 | 2021 |
| ശ്രീമതി ലതിക പി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.മഞ്ജുഷ കെ.സി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി.വിനോദ്.വി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷീലഎൽ.കെ | എച്ച്.എം | 01-04-2020 | 31-05-2020 |
| ശ്രീമതി.ലത | എച്ച്.എം | 01-06-2020 | 31-03-2021 |
| ശ്രീമതി.ശ്രീവൽസ പി.ശ്രീനിവാസൻ | കൃഷിഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ബീന | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി.രമ്യാനായർ .ആർ | സബ്.ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-07-2020 | 01-11-2020 |
| ശ്രീമതി.ശോഭനാ ഉപേന്ദ്രനാഥ് | സബ്.ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 02-11-2020 | 31-03-2021 |
| ഡോ. ആരതി. എസ്. എസ്. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 31-03-2021 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Manilal V (Audit Officer, On 17-07-2021)<br>Last Updated By: Santhosh N (Computer Assistant, On 10-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Judith Varghese (Senior Grade Auditor, On 21-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-09-2021) | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക - അപാകതകൾ<br>Written By: Judith Varghese (Senior Grade Auditor, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 22-09-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Judith Varghese (Senior Grade Auditor, On 21-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-10-2021) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Judith Varghese (Senior Grade Auditor, On 27-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-11-2021) | 1-4 |
| 6 | കേന്ദ്ര-സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗം-ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകത.<br>Written By: Judith Varghese (Senior Grade Auditor, On 15-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-11-2021) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Judith Varghese (Senior Grade Auditor, On 24-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-11-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Manilal V (Audit Officer, On 17-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-09-2021) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Judith Varghese (Senior Grade Auditor, On 28-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 22-09-2021) | 1-7 |
| 10 | സാമൂഹ്യസുരക്ഷാ പെൻഷൻ- ഗുണഭോക്താവിന്റെ മരണശേഷവും പെൻഷൻ വിതരണം തുടരുന്നു.<br>Written By: Judith Varghese (Senior Grade Auditor, On 28-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-10-2021) | 1-7-1 |
| 11 | ക്യാഷ് പരിശോധന<br>Written By: Bindhu Nair (Auditor, On 24-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-10-2021) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Manilal V (Audit Officer, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-09-2021) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Judith Varghese (Senior Grade Auditor, On 24-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 22-09-2021) | 1-10 |
| 14 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Judith Varghese (Senior Grade Auditor, On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 14-09-2021) | 1-11 |
| 15 | സെക്രട്ടറിയുടെ പ്രോജക്ടുകൾ -വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു.<br>Written By: Sonia.J.Sebastian (Asst. Audit Officer, On 28-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-12-2021) | 1-12 |
| 16 | ഹോമിയോ ഡിസ്പെൻസറി-മരുന്നുകൾ ലഭ്യമായില്ല<br>Written By: Manjula Sagar (Asst. Audit Officer, On 28-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-10-2021) | 1-13 |
| 17 | പശു വളർത്തൽ പദ്ധതി-അംഗീകൃത പദ്ധതിയിൽ നിന്നും | 1-14 |

| | | |
|---|---|---|
| | വ്യതിചലിച്ച് പദ്ധതി നിർവഹണം<br>Written By: Sonia.J.Sebastian (Asst. Audit Officer, On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 14-09-2021) | |
| 18 | കന്നുകുട്ടി പരിപാലന പദ്ധതി-രേഖകളുടെ അഭാവത്തിൽ 5,00,000/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sonia.J.Sebastian (Asst. Audit Officer, On 28-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-09-2021) | 1-15 |
| 19 | ഗവ.ആയുർവ്വേദ ആശുപത്രിക്ക് മരുന്നുകൾ ലഭ്യമായില്ല.<br>Written By: Manjula Sagar (Asst. Audit Officer, On 28-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-10-2021) | 1-16 |
| 20 | അനുപൂരക പോഷകാഹാര പദ്ധതി- തുക നൽകിയതിന് രേഖകളില്ല.<br>Written By: Manjula Sagar (Asst. Audit Officer, On 28-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-10-2021) | 1-17 |
| 21 | ലൈഫ് ഭവന പദ്ധതി - പൂർത്തിയാക്കാത്ത ഭവനങ്ങൾ<br>Written By: Manjula Sagar (Asst. Audit Officer, On 28-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 22-09-2021) | 1-18 |
| 22 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- വകുപ്പ് വിഹിതം നൽകിയില്ല.<br>Written By: Manilal V (Audit Officer, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-10-2021) | 1-19 |
| 23 | വീട്ടുവളപ്പിൽ കുളങ്ങളിലെ മത്സ്യകൃഷി- അപാകതകൾ.<br>Written By: Manilal V (Audit Officer, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-10-2021) | 1-20 |
| 24 | ബയോഫ്ലോക്ക് മത്സ്യകൃഷി- അപാകതകൾ<br>Written By: Manilal V (Audit Officer, On 29-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-09-2021) | 1-21 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Manilal V (Audit Officer, On 21-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-09-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Judith Varghese (Senior Grade Auditor, On 21-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-10-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Judith Varghese (Senior Grade Auditor, On 21-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Judith Varghese (Senior Grade Auditor, On 24-07-2021)<br>Last Updated By: Santhosh N (Computer Assistant, On 13-09-2021) | 4-4 |
| 5 | വായ്പ/വായ്പതിരിച്ചടവ്<br>Written By: Judith Varghese (Senior Grade Auditor, On 24-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-10-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Judith Varghese (Senior Grade Auditor, On 24-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 22-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Judith Varghese (Senior Grade Auditor, On 24-07-2021)<br>Last Updated By: Santhosh N (Computer Assistant, On 13-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |

| | | |
|---|---|---|
| | Written By: Judith Varghese (Senior Grade Auditor, On 24-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-10-2021) | |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Judith Varghese (Senior Grade Auditor, On 24-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Judith Varghese (Senior Grade Auditor, On 24-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Judith Varghese (Senior Grade Auditor, On 24-07-2021)<br>Last Updated By: Bini Chandran S (Computer Assistant, On 22-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1

### 1-1 ബജറ്റ്

16/3/20 തീയതിയിലെ 17(2) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 25/3/21 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2021 | 15-5-2021 | - | - |

### 1-2-1 വാർഷിക ധനകാര്യപത്രിക - അപാകതകൾ

1. എ.സി.ആർ പ്രകാരമുള്ള സി.എഫ്.സി. (Tied & Untied) ചെലവ് തുകകൾ വാർഷികകണക്കുകളിലെ ചെലവ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.
2. വാർഷിക ധനകാര്യപത്രികയിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.
3. കുഴൽക്കിണർ ഓവർഹെഡ് ടാങ്ക് നിർമ്മാണം (പ്രോ.നം. 182/21) പദ്ധതിയ്ക്കായി കൊല്ലം നഗരസഭയിൽ നിന്നും ലഭിച്ച 5,48,072/- രൂപ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.
4.സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം എന്നിവ പ്രകാരമുള്ള ലെഡ്ജറിലെ തുകകൾ വാർഷിക ധനകാര്യ പത്രികയിലെ വരവ് ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്ക് | ലെഡ്ജർ പ്രകാരമുള്ള കണക്ക് |
|---|---|---|
| 160300101 | 1146403 | 1627825 |
| 160300102 | 1384841 | 2027479 |
| 320700204 | 35000 | 35001 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,07,51,746/- രൂപ |
| വരവ് | 9,29,40,781/- രൂപ |
| ആകെ | 11,36,92,527/- രൂപ |
| ചെലവ് | 9,37,77,312/- രൂപ |
| നീക്കിയിരിപ്പ് | 1,99,15,215/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 19,96,249/- രൂപ |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക (രൂപ) | കൃബിൽ തുക |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 0 | 1,70,62,875/- | 1,70,62,875/- | 1,57,24,322/- | 13,38,553/- | ലഭ്യമല്ല |
| വികസനഫണ്ട് (എസ്.സി.പി) | | 0 | 1,14,62,625/- | 1,14,62,625/- | 1,04,13,044/- | 10,49,581/- | ലഭ്യമല്ല |
| വികസനഫണ്ട് (റ്റി. എസ്.പി) | | 0 | 0 | 0 | 0 | 0 | - |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് (Tied) | | 0 | 66,40,000/- | 66,40,000/- | 38,28,373/- | 28,11,627/- | |
| ധനകാര്യകമ്മിഷൻ ഗ്രാന്റ് (Untied) | | 0 | 1,00,34,996/- | 1,00,34,996/- | 90,09,010/- | 10,25,986/- | ലഭ്യമല്ല |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | | 0 | 1,18,95,000/- | 1,18,95,000/- | 1,18,95,000/- | 0 | ലഭ്യമല്ല |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | | 0 | 50,99,892/- | 50,99,892/- | 50,99,892/- | 0 | ലഭ്യമല്ല |
| **സംസ്ഥാനവിഷ്കൃത ഗ്രാന്റ്** | | | | | | | |
| ശുചിത്വമിഷൻ | | 6,87,000/- | 32,17,636/- | 39,04,636/- | 6,87,000/- | 32,17,636/- | - |
| കേരളോൽസവം | | - | - | - | - | - | - |
| സാക്ഷരത | | 0 | 0 | 0 | 0 | 0 | - |
| ഖരമാലിന്യം | | 7,50,790/- | - | 7,50,790/- | - | 7,50,790/- | - |
| ലൈഫ് സ്റ്റേറ്റ് ഷെയർ | | 7,00,000/- | 20,138/- | 7,20,138/- | - | 7,20,138/- | |
| കാവുകളുടെ സംരക്ഷണം | | 4,40,000/- | 3,00,000/- | 7,40,000/- | - | 7,40,000/- | |
| പകർച്ചവ്യാധി നിവാരണ ഫണ്ട് | | - | 13,63,686/- | 13,63,686/- | 24,260/- | 13,39,426/- | |
| **കേന്ദ്രാവിഷ്കൃത ഗ്രാന്റ്** | | | | | | | |
| ICDS | | 20,56,353/- | 14,81,781/- | 35,38,134/- | 16,42,312/- | 18,95,822/- | - |
| MGNREGS | ഭരണചെലവ് | 1,461/- | 13,53,636/- | 13,55,097/- | 13,52,632/- | 2,465/- | - |
| | തൊഴിലാളി-കളുടെ കൂലി | | 3,81,80,049/- | 3,81,80,049/- | 3,81,80,049/- | | |
| TSC | | 3,09,456/- | 12,353/- | 3,21,809/- | 0 | 3,21,809/- | - |

### 1-4-1 കേന്ദ്ര-സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗം-ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകത.

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം എന്നിവയുടെ ഇനം തിരിച്ചുള്ള വരവ്, ചെലവ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 161 | 4,57,77,726/- | 128 | 7,55,34,674/- | 21 | 12 | 79.50 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരുപ്പ് (രൂപ) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,461/- | 13,53,636/- | 13,55,097/- | 13,52,632/- | 2,465/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 3,81,80,049/- | 3,81,80,049/- | 3,81,80,049/- | - |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| **ക്ഷേമപദ്ധതിയുടെ പേര്** | **ചെലവഴിച്ച തുക (രൂപ)** | **ഗുണഭോക്താക്കളുടെ എണ്ണം** |
|---|---|---|
| തൊഴിൽരഹിത വേതനം | 77,880/- | 110 |
| കർഷകതൊഴിലാളി പെൻഷൻ | 35,49,400/- | 258 |
| വിധവാ പെൻഷൻ | 2,72,79,400/- | 1939 |
| വാർദ്ധക്യകാല പെൻഷൻ | 3,08,56,100/- | 2549 |
| വികലാംഗ പെൻഷൻ | 70,13,900/- | 483 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 3,00,000/- | 10 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിത വനിതകൾക്കുള്ള പെൻഷൻ | 4,25,300/- | 29 |

## 1-7-1 സാമൂഹ്യസുരക്ഷാ പെൻഷൻ- ഗുണഭോക്താവിന്റെ മരണശേഷവും പെൻഷൻ വിതരണം തുടരുന്നു.

പൂതക്കുളം ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തെ സാമൂഹ്യ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും 2020-21 വർഷത്തെ പഞ്ചായത്തിലെ പെൻഷൻ സംബന്ധമായ ഫയൽ പരിശോധിച്ചതിലും ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | ആധാർ നമ്പർ | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക (രൂപ) |
|---|---|---|---|---|---|---|
| 1 | രാജേന്ദ്രൻ പിള്ള | വാർദ്ധക്യകാല പെൻഷൻ | 285791925707 | 13-8-20 | 9/20, 10/20, 11/20, 12/20, 1/21, 2/21 | 8,600/- |
| 2 | സരസ്വതി അമ്മ | കർഷക തൊഴിലാളി | 688839383805 | 1-1-21 | 2/21 | 1,500/- |
| 3 | സുശീല അമ്മ | വാർദ്ധക്യകാല പെൻഷൻ | 248623248430 | 25-1-21 | 2/21, 3/21, 4/21 | 4,600/- |
| 4 | അമ്മിണി | വാർദ്ധക്യകാല പെൻഷൻ | 693821490074 | 6-5-21 | 6/21 | 1,600/- |
| | | | | | **ആകെ** | **16,300/-** |

ഓഡിറ്റ് വർഷം പെൻഷൻ സസ്പെൻറ് ചെയ്യപ്പെട്ട ഗുണഭോക്താക്കളുടെ ഫയൽ തയ്യാറാക്കിയതു പ്രകാരമാണ് പ്രസ്തുത കാലഘട്ടത്തിൽ വിതരണം ചെയ്തിട്ടുള്ള പെൻഷൻ വിശദാംശങ്ങൾ മുകളിൽ പരാമർശിച്ച പ്രകാരം കണ്ടെത്താൻ കഴിഞ്ഞത്. എന്നാൽ മരണ രജിസ്റ്റർ പരിശോധിച്ചതിൽ തിരിച്ചറിയൽ രേഖയായി ആധാർ നമ്പർ രേഖപ്പെടുത്താഞ്ഞതിനാൽ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. നിലവിൽ അനർഹമായ കാലയളവിൽ കൈപ്പറ്റിയ തുക ബാങ്കിൽ നിന്നോ അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കി ഒടുക്ക വരുത്തേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.07.2021 ന് സ്ഥാപന സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22,552/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.
ബജറ്റ് സംവിധാനത്തിലൂടെ വരവ് ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.
അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.
വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.
സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.
സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതു ചെയ്തു സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.
ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റെവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.
ലൈഫ് ഭവന പദ്ധതി സംബന്ധിച്ച രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.
സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.11.2020 | 1/2020 - 3/2020 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.4.2017 | 2012-13 - 2016-17 | 31.5.2017 |

## 1-11 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

വൗച്ചർ നം-22000159, തുക-90,000/-രൂപ (ചെക്ക് നം-33747 തീയതി-14-5-2020).

മെഡിക്കൽ ഓഫീസർ 24/4/20ലെ എ1-324/2020 നം കത്ത് പ്രകാരം മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി തുക അനുവദിക്കണമെന്ന് അപേക്ഷിച്ചതിന്റെ

അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എ3-2111/2020 നം. കത്ത് പ്രകാരം 15/5/20 ൽ മെഡിക്കൽ ഓഫീസർ സി.എച്ച്.സി. കലയ്ക്കോടിന് മഴക്കാലപൂർവ ശുചീകരണം നടത്തുന്നതിനായി 18 വാർഡുകളിലേക്ക് 5,000/-രൂപ വീതം 90,000/-രൂപ നൽകി. പ്രസ്തുത തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാൻ നൽകിയ എൻക്വയറിക്ക് വാർഡ് തല വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 4, 9 എന്നീ വാർഡുകളിൽ അനുവദിച്ച തുകകളിൽ യഥാക്രമം 5,000/-രൂപ, 1,700/-രൂപ എന്നിവ മിച്ചം നിൽക്കുന്നുണ്ട്. മിച്ചം നിൽക്കുന്ന തുക തനതുഫണ്ടിലേക്ക് അടവാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം-2/19.7.21**

**1-12 സെക്രട്ടറിയുടെ പ്രോജക്ടുകൾ -വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു.**

2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളിൽ തുക കൈപ്പറ്റിയ ഏജൻസികൾ ലഭ്യമാക്കിയ പൂർത്തീകരണ / വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതി | നൽകിയ തുക | ഫണ്ടിനം | ബിൽ നം. | തുക കൈപ്പറ്റിയ ഏജൻസി |
|---|---|---|---|---|---|
| 1 | ഐ.കെ.എമ്മിന വിഹിതം നൽകൽ (02/2021) | 96,590/- | വികസനഫണ്ട് (പൊതുവിഭാഗം) | 21/16.10.2020 | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. |
| 2 | ജീവനം-വിഹിതം നൽകൽ(7/2021) | 50,000/- | വികസനഫണ്ട് (പൊതുവിഭാഗം) | 14/12.08.2020 | ജില്ലാ പഞ്ചായത്ത് സെക്രട്ടറി, കൊല്ലം |
| 3 | പി.എം.എ.വൈ വിഹിതം നൽകൽ -എസ്.സി.പി (144/2021) | 4,20,000/- | തനതു ഫണ്ട് | UTR 2020210306B00 0220326; 26.02.2021 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ഇത്തിക്കര |
| 4 | ജില്ലാ ആസൂത്രണ സമിതി മന്ദിര നിർമ്മാണം (188/21) | 1,50,000/- | തനതു ഫണ്ട് | UTR 2020210306B00 0220386; 25.03.2021 | ജില്ലാ കളക്ടർ, കൊല്ലം |
| 5 | എം.സി.എഫിലേയ്ക്ക് വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് ലൈൻ നീട്ടൽ(178/21) | 1,12,232/- | വികസനഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 20/16.10.2020-98213/- 36/18.02.2020-14019/- | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, പൂതക്കുളം |
| 6 | കുഴൽക്കിണർ, ഓവർഹെഡ് ടാങ്ക് നിർമ്മാണം (182/21) | 5,48,072/- | മറ്റ് ത.സ്വ.ഭ.വ. സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട് (കൊല്ലം കോർപ്പറേഷൻ) | 40/27.03.2021 | ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്, കൊല്ലം |
| | | | **ആകെ** | **13,76,894/-** | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെയും കൈപ്പറ്റിയ തുക പൂർണ്ണമായി വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രങ്ങൾ

ലഭ്യമാക്കുന്നതു വരെ മേൽ ഇനങ്ങൾക്ക നൽകിയ 13,76,894/-രൂപ തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് എൻക്വയറി നം-12; 27.07.2021**

**1-13 ഹോമിയോ ഡിസ്പെൻസറി-മരുന്നുകൾ ലഭ്യമായില്ല**

2020-21 വർഷം മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ എസ്.0017/2021-ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ എന്ന പദ്ധതിയുടെ ഭാഗമായി മെയിന്റനൻസ് ഫണ്ടിൽ (നോൺ റോഡ്) നിന്നും 2,50,000/-രൂപ അടങ്കൽ വകയിരുത്തി 1,54,991/-രൂ (ബിൽ നം. 1/20-21, 3.2.2021) മരുന്ന് വാങ്ങുന്നതിനായി ഹോംകോയ്ക്ക് ഒടുക്കിയതിൽ 84,000/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. 70,991/-രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

**1-14 പശു വളർത്തൽ പദ്ധതി-അംഗീകൃത പദ്ധതിയിൽ നിന്നും വ്യതിചലിച്ച് പദ്ധതി നിർവഹണം**

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പശു വളർത്തൽ പദ്ധതിയിൽ (പ്രോജക്ട് നം- 162/21) പർച്ചേസ് കമ്മറ്റിയുടെ നേതൃത്വത്തിൽ പൊതുമാർക്കറ്റിൽ നിന്നും പശുക്കളെ നേരിട്ട് വാങ്ങി വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരുന്നത്. 65,000/-രൂപ വില വരുന്ന രണ്ടു പശുക്കളെ വീതം പത്ത് ഗുണഭോക്താക്കൾക്ക് നൽകുന്ന പദ്ധതിയിൽ 55,000/-രൂപയാണ് തനത് ഫണ്ടിൽ നിന്ന് പദ്ധതി വിഹിതമായി നിശ്ചയിച്ചിരുന്നത്. 75,000/- രൂപ ഗുണഭോക്തൃ വിഹിതമിനത്തിൽ പഞ്ചായത്തിൽ ഒടുക്ക വരുത്താനും നിർദ്ദേശിച്ചിരുന്നു.

02.11.2020 ൽ ചേർന്ന പ്രൊക്വയർമെന്റ് കമ്മറ്റി ഗ്രാമ പഞ്ചായത്തിനു പുറത്തു നിന്നും 65,000/-രൂപയിൽ കുറയാത്ത പശുക്കളെ വാർഡു മെമ്പറുടെ മേൽനോട്ടത്തിൽ വാങ്ങി ഗുണഭോക്താക്കൾക്ക നൽകാൻ വെറ്റിനറി സർജനു നിർദ്ദേശം നൽകി തീരുമാനമെടുത്തിരുന്നു. (9-3-21ലെ 4(3)തീരുമാനം നം I) തനതു ഫണ്ടിൽ നിന്നും വകയിരുത്തിയ 5,50,000/- രൂപയിൽ നിന്നും 4,40,000/-രൂപ എട്ടു യൂണിറ്റുകൾക്കായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളിൽ ഒരാൾ സ്വന്തം പഞ്ചായത്തിൽ നിന്നും മറ്റ് ഏഴു പേർ സമീപ പഞ്ചായത്തുകളിൽ നിന്നും പശുക്കളെ സ്വന്തമായി വാങ്ങുകയാണുണ്ടായത്. അംഗീകൃത പദ്ധതിയിൽ നിന്നും വ്യതിചലിച്ച് പദ്ധതി നിർവഹണം നടത്തിയതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഇലക്ഷൻ സംബന്ധിച്ച ജോലികൾ കാരണം പദ്ധതി നിർവഹണത്തിന് തുച്ഛമായ സമയമാണ് ലഭിച്ചതെന്നും പഞ്ചായത്തിന് പുറത്തുള്ളവരിൽ നിന്നുമാണ് പശുക്കളെ വാങ്ങിയതെന്നും അറിയിച്ചിട്ടുണ്ട്.

പർച്ചേസ് കമ്മറ്റിയുടെ നേതൃത്വത്തിൽ പൊതുമാർക്കറ്റിൽ നിന്നും വാങ്ങുന്നതു വഴി ഉരുക്കളുടെ ഗുണനിലവാരം ഉറപ്പു വരുത്താനും വ്യത്യസ്ത ജനുസ്സുകളുടെ വ്യാപനം വഴി പാലുൽപ്പാദനത്തിലെ വർദ്ധനവ് ഉറപ്പാക്കാനും കഴിയുമെന്ന മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച പദ്ധതി ഗ്രാമപഞ്ചായത്തിന്റെ പരിസരങ്ങളിൽ ഒതുങ്ങുന്നത് ആശാവഹമല്ല. ഭക്ഷ്യോൽപ്പാദന വർദ്ധനവിനുള്ള സുഭിക്ഷ കേരളം പദ്ധതി സംബന്ധിച്ച ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പിന്റെ മാർഗ്ഗരേഖയുടെ (സ.ഉ(കൈ)നം. 14/2020; 1.05.2020) ഖണ്ഡിക 3.25ൽ ഗുണനിലവാരമുള്ള ഉരുക്കളുടെ തെരഞ്ഞെടുപ്പ് ഉറപ്പാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

പദ്ധതിനിർവഹണം പദ്ധതിനിർദ്ദേശപ്രകാരം നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറിനം -08/26.07.2021.**

**1-15 കന്നുകുട്ടി പരിപാലന പദ്ധതി-രേഖകളുടെ അഭാവത്തിൽ 5,00,000/-രൂപ തടസ്സപ്പെടുത്തുന്നു.**

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 40 ക്ഷീരകർഷകരെ ഗുണഭോക്താക്കളാക്കി വെറ്ററിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതികൾക്കായി ചവറയിലെ കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് (നം- 79901270000180) താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | ബിൽ നമ്പർ | തുക (രൂപ) |
|---|---|---|
| 29/21 | 13/20-21; 12.01.2021 | 2,50,000/- വികസനഫണ്ട് (പൊതുവിഭാഗം) |
| | 3409925/20.03.2021 | 2,50,000/- തനതു ഫണ്ട് |
| | **ആകെ** | **5,00,000/-** |

ക്ഷീരകർഷകരുടെ ആറു മാസത്തിൽ താഴെ പ്രായമുള്ള കന്നുകുട്ടികളെ ഇൻഷ്വർ ചെയ്ത് അവയുടെ പ്രസവം വരെയോ, സബ്സിഡി അവസാനിക്കുന്നതു വരെയോ തീറ്റ ലഭ്യമാക്കാനാണ് പദ്ധതി രൂപീകരിച്ച് തുക ഒടുക്കുവരുത്തിയത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൂക്കട ക്ഷീരോൽപ്പാദക സംഘത്തെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 03.02.2021 ലെ 1 (15) നം. തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാലിത്തീറ്റ വിതരണം ഏൽപ്പിക്കുകയും ചെയ്തു.

ഉരുക്കളെ പദ്ധതിയിൽ എൻറോൾ ചെയ്തതിന്റെ രേഖകൾ, ക്ഷീരസംഘങ്ങൾ വഴി ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം നടത്തിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയെങ്കിലും തുകയുടെ നാളിതുവരെയുള്ള വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ തീറ്റ വിതരണം പൂർത്തിയാക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ 5,00,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**എൻക്വയറിനം-08/26.07.2021**

**1-16 ഗവ.ആയുർവ്വേദ ആശുപത്രിക്ക് മരുന്നുകൾ ലഭ്യമായില്ല.**

2020-21 വർഷം മെഡിക്കൽ ഓഫീസർ, ആയുർവേദം നിർവഹണം നടത്തിയ ചുവടെ പരാമർശിക്കുന്ന പദ്ധതികളുടെ നടത്തിപ്പിന് ആവശ്യമായ മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**എസ്.0018/21- ഗവ. ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ.**

അടങ്കൽ-5,50,000/-രൂപ (മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)).

ചെലവ്- 5,50,000/-രൂപ (ബിൽ നം.1/20-21, 11.5.2021).

ഔഷധിയിൽ നിന്നും 47,257/-രൂപയുടെ മരുന്നുകൾ കൂടി ലഭിക്കാനുണ്ട്.

**എസ്.0019/21- എൻ.എച്ച്.എം ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ.**

അടങ്കൽ-5,50,000/-രൂപ (മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)).

ചെലവ്- 5,50,000/-രൂപ (ബിൽ നം.2/20-21, 9.6.2021).

ഔഷധിയിൽ നിന്നും 8,253/-രൂപയുടെ മരുന്നുകൾ കൂടി ലഭിക്കാനുണ്ട്.

ലഭിക്കുവാൻ അവശേഷിക്കുന്ന 55510/- രൂപയുടെ മരുന്നുകൾ അടിയന്തരമായി ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-17 അനുപൂരക പോഷകാഹാര പദ്ധതി- തുക നൽകിയതിന് രേഖകളില്ല.**

| | |
|---|---|
| പദ്ധതി- | എസ്.0111/21 -അനുപൂരക പോഷകാഹാര വിതരണം |
| അടങ്കൽ | 50,00,000/-രൂപ ( വികസന ഫണ്ട്- 20,00,000/-രൂപ,<br>സെൻട്രൽ ഷെയർ-20,00,000/-രൂപ,<br>ബ്ലോക്ക് ഷെയർ-5,00,000/-രൂപ ,<br>ജില്ലാ പഞ്ചായത്ത് ഷെയർ- 5,00,000/-രൂപ) |
| ചെലവ് | വികസന ഫണ്ട്-20,00,000/-രൂപ<br>സെൻട്രൽ ഷെയർ-20,00,000/-രൂപ<br>ബ്ലോക്ക് ഷെയർ-2,50,000/-രൂപ<br>ജില്ലാ പഞ്ചായത്ത് ഷെയർ-1,50,000/-രൂപ |
| നിർവഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

2020-21 വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം (എസ്.0111/21) എന്ന പദ്ധതിയിൽ 1,19,355/-രൂപ (ബിൽനം.12/15.9.2020) കുടിശിക ഇനത്തിൽ കല്പതരു അമൃതം ഫുഡ് സപ്ലിമെന്റ്സ് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം. 155/16.10.2020 പ്രകാരം നൽകിയിട്ടുണ്ട്. ഇൻവോയ്സിൽ ചുവടെ ചേർക്കുന്ന പ്രകാരമാണ് തുകകൾ രേഖപ്പെടുത്തിയിരിക്കുന്നത്.

1. 6.7.2017- ഇൻവോയ്സ് നം. 211 – 22,464/രൂപ.
2. 5.8.2017- ഇൻവോയ്സ് നം. 218 – 23,049/-രൂപ.
3. 25.9.2017- ഇൻവോയ്സ് നം.1 - 26,708/-രൂപ.
4. 24.10.2017- ഇൻവോയ്സ് നം.10- 26,708/-രൂപ.
5. 14.12.2017- ഇൻവോയ്സ് നം. 17- 6,436/-രൂപ.
6. 23.10.2018-ഇൻവോയ്സ് നം. 29 - 6,468/-രൂപ.
7. 19.12.2018- ഇൻവോയ്സ് നം. 34 - 7,521/-രൂപ.

മേൽ പരാമർശിച്ച തുകകൾ നൽകിയതിനെ സാധൂകരിക്കുന്ന രേഖകൾ, ഇൻവോയ്സ് നം. 155/16.10.2020-ൽ രേഖപ്പെടുത്തിയിരിക്കുന്ന മുൻ വർഷങ്ങളിലെ ഇൻവോയ്സുകൾ, തുടങ്ങിയവ ഓഡിറ്റ് എൻക്വയറി (നം.14/28.07.2021) നൽകിയിട്ടും ലഭ്യമാക്കിയില്ല. അതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,19,355/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**തടസ്സപ്പെടുത്തുന്ന തുക- 1,19,355/-രൂപ.**
**ഓഡിറ്റ് എൻക്വയറി നം.16/28.7.2021.**

**1-18 ലൈഫ് ഭവന പദ്ധതി - പൂർത്തിയാക്കാത്ത ഭവനങ്ങൾ**

2020-21 വർഷം ലൈഫ് ഭവന പദ്ധതിയിൽ അംഗങ്ങളായ ചുവടെ പരാമർശിക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

**ലൈഫ് ഭവന നിർമ്മാണം (ജനറൽ) എസ്. 0039/21**

| ക്രമ | ഗുണഭോക്താവിന്റെ പേരും | നാളിതു വരെ കൈപ്പറ്റിയ | കൈപ്പറ്റാൻ ബാക്കിയുള്ള |
|---|---|---|---|

| | | | |
|---|---|---|---|
| നം. | വിലാസവും | തുക (രൂപ) | തുക (രൂപ) |
| 1. | സുഷമ, കുളങ്ങരതൊടിയിൽ, കലയ്ക്കോട്. | 3,00,000/- (ബിൽ നം.8/20-21, 8.11.2020) | 1,00,000/- |
| 2. | മല്ലിക, ഞാറോട് കാവ് പുരയിടം, ഞാറോട് കോളനി, കലയ്ക്കോട്. | 3,00,000/- (ബിൽ നം.10/20.11.2020) | 1,00,000/- |

**ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി) എസ്.0038/21**

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | നാളിതു വരെ കൈപ്പറ്റിയ തുക (രൂപ) | കൈപ്പറ്റാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|
| 1. | ശ്രീമതി. ദിവ്യ, പാറവിളക്കോളനി | 3,00,000/- (ബിൽ നം. 11/20-21,22.11.2020) | 1,00,000/- |
| 2. | ശ്രീമതി. അശ്വതി, വരമ്പിട്ടുവിള, കലയ്ക്കോട്. | 3,00,000/- (ബിൽ നം. 14/11.12.2020) | 1,00,000/- |
| 3. | ശ്രീമതി. സിന്ധു, തോട്ടിൻകര തെക്കതിൽ വീട്, പൂതക്കുളം | 3,00,000/- (ബിൽ നം.15/20-21, 21.12.2020) | 1,00,000/- |

നിർമ്മാണം പൂർത്തിയാക്കാൻ ശേഷിക്കുന്ന ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-19 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- വകുപ്പ് വിഹിതം നൽകിയില്ല.**

പ്രോജക്റ്റ് നം. : 53/21

അടങ്കൽ: 10,00,000/-രൂപ.

ഫണ്ടിനം : വികസനഫണ്ട് (ജനറൽ) = 7,00,000/-രൂപ.

ജില്ല പഞ്ചായത്ത് വിഹിതം= 3,00,000/-രൂപ.

നിർവ്വഹണോദ്യോഗസ്ഥൻ : ഡയറിഫാം ഇൻസ്ട്രക്റ്റർ

ചെലവ് : 7,00,000/-രൂപ

ബിൽ നം. : (1) 1/20-21/17.9.2020 = 4,15,956/-രൂപ.

(2) 5/20-21/11.1.2021 = 2,01,240/-രൂപ.

(3) 6/20-21/19.1.2021 = 82,804/-രൂപ.

ഡയറിഫാം ഇൻസ്ട്രക്റ്റർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രോജക്റ്റിൽപ്പെടുത്തി വിവിധ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്കായി സബ്സിഡിയിനത്തിൽ തൻവർഷം 7,00,000/- രൂപ നൽകിയിട്ടുണ്ട്. 14.2.2018-ലെ ജി.ഒ.(എം.എസ്.) 22/2018 ത.സ്വ.ഭ.വ. നം. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ക്ഷീരകർഷകർ ക്ഷീരസംഘങ്ങളിൽ നൽകുന്ന പാലിന് ലിറ്ററിന് ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ നാല് രൂപ നിരക്കിൽ സബ്സിഡി നൽകാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ 6/20, 7/20, 9/20, 10/20 എന്നീ മാസങ്ങളിൽ മുഴുവൻ സബ്സിഡിയും വികസനഫണ്ടിൽ നിന്നാണ് നൽകിയിരിക്കുന്നത്. ക്ഷീരവികസന വകുപ്പിൽ നിന്ന് ഒരു രൂപ നിരക്കിൽ നൽകേണ്ട സബ്സിഡി വികസനഫണ്ടിൽ നിന്ന് ചെലവഴിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തദ്ദേശഭരണ സ്ഥാപനങ്ങളും ക്ഷീരവികസന വകുപ്പും ചേർന്ന് കർഷകന് നൽകുന്ന സബ്സിഡി തുക ലിറ്ററിന് നാല് രൂപയിൽ അധികരിക്കുന്നില്ല എന്ന് മറുപടി നൽകി. എന്നാൽ

സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശത്തിനു വിരുദ്ധമായി, ഒരു ലിറ്റർ പാലിന് ക്ഷീരവികസന വകുപ്പിന്റെ സബ്സിഡി ലഭ്യമാക്കാതെ, വികസനഫണ്ടിൽ നിന്ന് അധികമായി ചെലവഴിച്ച തുക കണക്കാക്കി വികസനഫണ്ടിൽ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്. ക്ഷീരവികസന വകുപ്പിൽ നിന്ന് വിഹിതം ലഭ്യമാക്കി കൂടുതൽ ക്ഷീരകർഷകരെ ആനുകൂല്യത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

**1-20 വീട്ടുവളപ്പിൽ കുളങ്ങളിലെ മത്സ്യകൃഷി- അപാകതകൾ.**

**പ്രോജക്റ്റ് നം. : 168/21.**

അടങ്കൽ: 12,30,000/-രൂപ.

ഫണ്ടിനം : തനതുഫണ്ട് = 1,47,600/-രൂപ.

സംസ്ഥാനവിഹിതം = 1,64,000/-രൂപ.

ബ്ലോക്ക് വിഹിതം = 1,31,200/-രൂപ.

ജില്ലാ പഞ്ചായത്ത് വിഹിതം = 49,200/-രൂപ.

ഗുണഭോക്തൃവിഹിതം = 7,38,000/-രൂപ.

നിർവ്വഹണോദ്യോഗസ്ഥൻ : ഫിഷറീസ് സബ് ഇൻസ്പെക്ടർ.

**ചെലവ് : 1,97,558/-രൂപ.**

ചെക്ക് നം. : 6669006/29.3.2021 = 1,18,080/-രൂപ. (തനതുഫണ്ട്).

ബിൽ നം. : 1/20-21/30.3.2021 = 79,478/-രൂപ. (ബ്ലോക്ക് വിഹിതം).

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സുഭിക്ഷകേരളം പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണിത്. വിഷരഹിത മത്സ്യം പ്രാദേശികമായി ഉറപ്പുവരുത്തുക, സ്വന്തമായി കുളങ്ങളില്ലാത്ത മത്സ്യകൃഷിയോട് താത്പര്യമുള്ള കുടുംബശ്രീ അയൽക്കൂട്ടം, സ്വയംസഹായ സംഘം, കർഷകർ എന്നിവരെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. യൂണിറ്റിന് 1,23,000/- രൂപ നിരക്കിൽ 10 യൂണിറ്റിന് 12,30,000/- രൂപയാണ് വകയിരുത്തൽ.

തൻവർഷം ഒന്നാം ഘട്ടമായി 8 ഗുണഭോക്താക്കൾക്ക് മത്സ്യ തീറ്റയൊഴികെയുള്ള ചെലവിന്റെ (ടാർപ്പോളിൻ ഷീറ്റ്, വാട്ടർപമ്പ്, വെഞ്ചുറി പമ്പ്, വല, വിത്ത്, മരുന്ന് തുടങ്ങിയവ) 40% സബ്സിഡിയായി 1,97,558/-രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ടി ഗുണഭോക്താക്കൾക്ക് തൊഴിലുറപ്പുപദ്ധതിയിലുൾപ്പെടുത്തി 12,640/-രൂപ വീതം ചെലവഴിച്ച് മത്സ്യക്കുളങ്ങളും നിർമ്മിച്ച് നൽകിയിട്ടുണ്ട്. എന്നാൽ സംസ്ഥാനവിഹിതം, ജില്ല പഞ്ചായത്ത് വിഹിതം എന്നിവ ലഭ്യമാക്കി പദ്ധതിയുടെ തുടർപ്രവർത്തനം നടത്തിയതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഫിഷറീസ് വകുപ്പിന്റെ വിഹിതമായ 1,64,000/-രൂപ മത്സ്യത്തീറ്റ വാങ്ങി നൽകുന്നതിനുവേണ്ടി ADAK എന്ന സ്ഥാപനത്തിന് നൽകിയതായി മറുപടി ലഭ്യമാക്കി. 10 ഗുണഭോക്താക്കൾക്കായി മത്സ്യത്തീറ്റയിനത്തിൽ വകയിരുത്തിയ തുക 8 പേർക്ക് മാത്രമായി ചെലവഴിച്ചത് മൂലം ചെലവ് ആനുപാതികമായി നടത്താൻ ശ്രദ്ധിച്ചിട്ടില്ല.

പ്രോജക്റ്റ് പ്രകാരം വകയിരുത്തിയിട്ടുള്ള സംസ്ഥാനവിഹിതം ഗ്രാമപഞ്ചായത്ത് തലത്തിൽ ലഭ്യമാക്കി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**എൻക്വയറി നം-06/26.07.2021.**

**1-21 ബയോഫ്ലോക്ക് മത്സ്യകൃഷി- അപാകതകൾ**

**പ്രോജക്റ്റ് നം. : 169/21**

അടങ്കൽ : 4,14,000/-രൂപ.

ഫണ്ടിനം : തനതുഫണ്ട് = 1,10,400/-രൂപ.

സംസ്ഥാനവിഹിതം = 55,400/-രൂപ.

ഗുണഭോക്തൃവിഹിതം = 2,48,400/-രൂപ.

നിർവ്വഹണോദ്യോഗസ്ഥൻ : ഫിഷറീസ് സബ് ഇൻസ്പെക്ടർ.

ചെലവ് : 1,01,915/-രൂപ (തനതുഫണ്ട്).

ചെക്ക് നം. : 6669005/29.3.2021.

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സുഭിക്ഷകേരളം പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണിത്. വിഷരഹിത മത്സ്യം പ്രാദേശികമായി ഉറപ്പുവരുത്തുക, ഉൾനാടൻ മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. 5.6 മീറ്റർ വ്യാസമുള്ള പ്ലാറ്റ്ഫോമിൽ 1.2 മീറ്റർ ഉയരമുള്ളതും 5 മീറ്റർ വ്യാസമുള്ളതുമായ ടാങ്ക് ഇരുമ്പ് ചട്ടക്കൂടിൽ നിർമ്മിച്ച് അതിനുള്ളിൽ 550 ജി.എസ്.എം. കനമുള്ള പി.വി.സി. ആവരണം ചെയ്ത HDPE ഷീറ്റ് വിരിച്ച ശേഷം ടാങ്കിൽ 4-6 സെ.മീറ്റർ വലിപ്പമുള്ള 1250 മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതാണ് പ്രോജക്റ്റ്. യൂണിറ്റിന് 1,38,000/- രൂപ നിരക്കിൽ 3 യൂണിറ്റിന് 4,14,000/- രൂപയാണ് വകയിരുത്തൽ.

തൻവർഷം ഒന്നാം ഘട്ടമായി 3 ഗുണഭോക്താക്കൾക്ക് പ്രവർത്തനച്ചെലവ് ഒഴികെയുള്ള ചെലവിന്റെ 40% സബ്സിഡിയായി 1,01,915/-രൂപ ചെലവഴിച്ചിട്ടുണ്ട്.

എന്നാൽ സംസ്ഥാനവിഹിതം ലഭ്യമാക്കി പദ്ധതിയുടെ തുടർപ്രവർത്തനം നടത്തിയതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, സംസ്ഥാനവിഹിതം ലഭ്യമാകാത്തതിനാൽ ആവർത്തനച്ചെലവിനുള്ള സബ്സിഡി തുക മാറി നൽകാൻ സാധിച്ചില്ല എന്നറിയിച്ചു. പ്രോജക്റ്റ് പ്രകാരം വകയിരുത്തിയിട്ടുള്ള തുകകൾ യഥാസമയം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നത് ബയോഫ്ലോക്ക് പോലുള്ള പദ്ധതികൾ കൂടുതൽ ഫലപ്രദമാകുന്നതിന് ഉപകരിക്കുമെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

**ഓഡിറ്റ് എൻക്വയറി നം.6/26.7.2021.**

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 26-7-21, 27-7-21 | കെ.എസ്.എ.കെ.എൽ.എം.പി.5/955/21 |

## 4-2 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രൊജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 3,82,500/- | സമഗ്ര നെൽകൃഷി വികസനം | 3,82,500/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,90,341/- | സമഗ്ര നെൽകൃഷി വികസനം | 1,90,341/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2,00,000/- | ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി) | 2,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2,12,000/- | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 2,12,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2,75,000/- | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 2,75,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 6,50,000/- | അങ്കണവാടി പോഷകാഹാരം | 6,50,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,50,000/- | കല്ലുമല-കാഷ്യുഫാക്ടറി റോഡ് കോൺക്രീറ്റിംഗ് (എസ്.സി.പി) വാർഡ്-11 | 1,50,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 5,00,000/- | ബി.ആർ.സി. കെട്ടിടം ഒന്നാം നില നിർമ്മാണം | 5,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 79,478/- | വീട്ടുവളപ്പിൽ കുളങ്ങളിലെ മത്സ്യകൃഷി | 79,478/- | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 4,81,421/- | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 4,81,421/- | 0 |
| ജില്ലാപഞ്ചായത്ത് | 2020-21 | 1,50,000/- | അങ്കണവാടി പോഷകാഹാരം | 1,50,000/- | 0 |
| ജില്ലാപഞ്ചായത്ത് | 2020-21 | 9,96,403/- | മാവിള കുടംബക്ഷേമ ഉപകേന്ദ്രം കെട്ടിട നിർമ്മാണം | 9,96,403/- | 0 |
| ജില്ലാപഞ്ചായത്ത് | 2020-21 | 1,42,639/- | സമഗ്ര നെൽകൃഷി | 1,42,639/- | 0 |
| ജില്ലാപഞ്ചായത്ത് | 2020-21 | 35,000/- | SNP | 35,000/- | 0 |

(സംയുക്തപ്രോജക്കുകൾക്കായുള്ള ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവ് ചെലവുകൾ ലെഡ്ജറുകൾ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.)

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

**4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല.

**4-5 വായ്പ/വായ്പതിരിച്ചടവ്**

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 23,00,000/- രൂപ വരവുണ്ട്. മുൻബാക്കി 0/- രൂപയടക്കം 23,00,000/- രൂപയിൽ, 19,00,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷ വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | സ.ഉ.68/2018 തീയതി-18/5/18 | 23,00,000/- | 1,48,75,352/- | 15,51,295/- | - | 1,56,24,057/- |

**4-6 സ്ഥിരനിക്ഷേപം**

ഇല്ല.

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല.

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | | 2000-01 | 04-02-05 | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥി കൾക്കുള്ള പദ്ധതി | അക്കൗണ്ട്സ് കമ്മറ്റി പരിഗണനയിൽ |

**4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം**

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക.
ഇല്ല.
(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക.
ഇല്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | ഇല്ല | ഇല്ല | - |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 13,76,894/- | ശ്രീമതി. വി. ജി. ഷീജ (സെക്രട്ടറി) |
| 1-15 | 5,00,000/- | ഡോ. സാലുമോൾ (വെറ്റിനറി സർജൻ) |
| 1-17 | 1,19,355/- | ശ്രീമതി. ലതിക പി.എസ്. (ഐ.സി.ഡി.എസ് സൂപ്പർവൈസർ) |

**(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക 1-7-1, 16,300/-രൂപ.

**(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. വി. ജി. ഷീജ | സെക്രട്ടറി, പൂതക്കുളം ഗ്രാമപഞ്ചായത്ത് | കോതേത്ത് വീട്, പൊഴിക്കര, പരവൂർ പി.ഒ-691301 |
| ഡോ. സാലുമോൾ എസ്.എസ്. | വെറ്റിനറി സർജൻ, പൂതക്കുളം | കരുണ, പേരയം, കുമ്പളം പി.ഒ, കുണ്ടറ |
| ശ്രീമതി. ലതിക പി.എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | പ്രണവം, വ്ലാത്താങ്കര പി.ഒ, തിരുവനന്തപുരം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | കെ എസ് എ. കെ എൽ എം-പി 5/371(6)/2018, തീ. 23-2-18 | 1 |
| 2003-04 | കെ എസ് എ. കെ എൽ എം-പി 5/371(7)/2018, തീ. 23-2-18 | 2 |
| 2004-05 | കെ എസ് എ. കെ എൽ എം-പി 5/371(8)/2018, തീ. 23-2-18 | 2 |
| 2005-06 | കെ എസ് എ. കെ എൽ എം-പി 5/371(9)/2018, തീ. 23-2-18 | 2 |
| 2006-07 | എൽ എഫ് ക്യൂ- പി-7/1237 (11)/14 തീ. 13.6.14 | 5 |
| 2007-08 | എൽ എഫ് ക്യൂ- പി-7/1237(12)/14 തീ. 13.6.14 | 3 |
| 2008-09 | എൽ എഫ് ക്യൂ- പി-7/1237(13) /14 തീ. 13.6.14 | 2 |
| 2009-10 | എൽ എഫ് ക്യൂ- പി-7/1237(14) /14 തീ. 13.6.14 | 2 |
| 2010-11 | എൽ എഫ് ക്യൂ- പി-7/1237 (15) /14 തീ. 13.6.14 | 4 |
| 2011-12 | എൽ എഫ് ക്യൂ- പി7/1565/14 തീ. 05.09.14 | 26 |
| 2012-13 & 2013-14 | എൽ എഫ് ക്യൂ- പി-7/1574/16 തീ. 18.05.17 | 20 |

| | | |
|---|---|---|
| 2014-15 | കെ എസ് എ.കെ എൽ എം. പി-7/1574/2016 തീ. 18.05.2017 | 21 |
| 2015-16 | കെ എസ് എ.കെ എൽ എം. പി-7/326/17 തീ. 30.10.2017 | 11 |
| 2016-17 | കെ എസ് എ.കെ എൽ എം. പി-5/1734/2017 തീ. 20.01.2018 | 20 |
| 2017-18 | കെ എസ് എ.കെ എൽ എം. പി-5/1394/2018 തീ. 10.09.2018 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ എസ് എ.കെ എൽ എം. പി-5/1859/2019 തീ. 06.02.2020 | 12 |
| 2019-20 | കെ എസ് എ.കെ എൽ എം.പി-5 --------------- തീയതി ---- | 8 |

**ഡെപ്യൂട്ടി ഡയറക്ടർ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കൊല്ലം ജില്ല

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**